**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നം. 1678.** 12/06/2019 -ൽ മറുപടിയ്ക്ക്

## സ്വയംഭരണ കോളേജുകളുടെ നിലവാരം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.അൻവർ സാദത്ത് | | ഡോ.കെ.ടി.ജലീൽ<br>(ബഹു.ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ സ്വയംഭരണ കോളേജുകളുടെ നിലവാരത്തെ പറ്റി സർക്കാർ തലത്തിൽ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;<br><br>(ബി) സ്വയംഭരണ കോളേജുകളെ അക്കാഡമിക് ജനാധിപത്യ ആഡിറ്റിംഗിന് വിധേയമാക്കണമെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ; | (എ) & (ബി) | സംസ്ഥാനത്തെ സ്വയംഭരണ പദവി ലഭിച്ച കോളേജുകളുടെ അക്കാദമിക നിലവാരത്തിലുള്ള മാറ്റം വിലയിരുത്തുന്നതിന് കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖേന നിയോഗിച്ച മൂന്നംഗ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് 2019 ജൂൺ 1ന് ചേർന്ന ഓട്ടോണമി അപ്രൂവൽ കമ്മിറ്റി യോഗം ചില ഭേദഗതികളോടെ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത ഭേദഗതികൾ ഉൾപ്പെടുത്തി നിയമം ഭേദഗതി ചെയ്യുന്നതിനുള്ള കരട് നിർദ്ദേശം സമർപ്പിക്കുവാൻ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) വിദ്യാഭ്യാസ മേഖലയിലെ സാമൂഹ്യനീതി, സംവരണാവകാശം, ഫീസ് വ്യവസ്ഥകൾ, മെരിറ്റ് പ്രകാരമുള്ള വിദ്യാർത്ഥി പ്രവേശനം എന്നിവ സ്വയംഭരണ കോളേജുകളിൽ അട്ടിമറിക്കപ്പെടുന്നതായി കരുതുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന് ആധാരമായ വസ്തുതകൾ എന്തൊക്കെയാണ്; വിശദീകരിക്കുമോ; | (സി) | സ്വയംഭരണ കോളേജുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് സർക്കാരിന് ലഭിച്ച പരാതികൾ 2019 ജൂൺ മാസം ഒന്നാം തീയതി ചേർന്ന ഓട്ടോണമി അപ്രൂവൽ കമ്മിറ്റിയുടെ യോഗത്തിൽ ചർച്ച ചെയ്യുകയുണ്ടായി. എം.ജി.സർവ്വകലാശാലയുടെ കീഴിലുള്ള കോളേജുമായി ബന്ധപ്പെട്ട പരാതി സംബന്ധിച്ച് അന്വേഷിക്കാൻ എം.ജി സർവ്വകലാശാല വൈസ് ചാൻസലറെ ഓട്ടോണമി അപ്രൂവൽ കമ്മിറ്റി ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) ഉന്നത നാക് സ്കോർ നേടിയ കൂടുതൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സ്വയംഭരണാവകാശം നൽകുന്നത് സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ? | (ഡി) | സ്വയംഭരണം സംബന്ധിച്ച യൂണിവേഴ്സിറ്റി ലാ (മൂന്നാം ഭേദഗതി) നിയമം 2014 ൽ ഭേദഗതികൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. അതിനുശേഷം കൂടുതൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനത്തിന് സ്വയംഭരണാവകാശം നൽകുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**